# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 737** **05.06.2018-ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br>ശ്രീ. **എം. രാജഗോപാലൻ** : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ പിലീക്കോട് സെക്ഷനിലും കയ്യൂർ, നല്ലോംപുഴ സെക്ഷനുകളിലുംപെടുന്ന ഗ്രാമങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ വിതരണ മേഖലയിൽ പിലീക്കോട്, കയ്യൂർ, നല്ലോമ്പുഴ, സെക്ഷനുകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. **പിലിക്കോട്** : 710 മീറ്റർ 11 കെ.വി. ലൈൻ പുതിയതായി നിർമ്മിക്കുകയും 750 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും,അമ്മിഞ്ഞിക്കോട്, പുതിയകണ്ടം, കോതാളി, മാണിയാട്ട് എന്നീ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പടന്ന ഫീഡറിന്റെ ഓവർ ലോഡ് കുറക്കുന്നതിനുവേണ്ടി റെയിൽവെ ലൈനിന് അടിയിൽ കൂടി കേബിൾ വലിക്കുന്ന ജോലി പൂർത്തിയായിട്ടുണ്ട്.<br><br>**2. കയ്യൂർ** : പുതിയതായി 2.5 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും, 2.02 കി.മീ. സിംഗിൾ ഫേസ് ത്രീ ഫേസ്ആക്കി മാറ്റുകയും, 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയ്യൂർ സെഷനു കീഴിൽ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി നൽകുന്നതിന് 15.9 കി.മീ. 11 കെ.വി.ലൈൻ നിർമ്മിക്കുക, 13.6 കി.മീ.സിംഗിൾ ഫേസ് ത്രീ ഫേസ്ആക്കി മാറ്റുക, 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവ |

| | | | |
|---|---|---|---|
| | | | പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>3. **നല്ലോമ്പുഴ** : പുതിയതായി 2.08 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയിട്ടുണ്ട്. കുളിനീർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി (2018-21) ലെ Distribution Planൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ